**105/2023-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ 104529

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

105/2023-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. 'കേരളം മണ്ണും മനുഷ്യനും' എന്ന നോവൽ എഴുതിയത്?

(A) സുഗതകുമാരി
(B) ഡോ. ടി. എം. തോമസ് ഐസക്
(C) എം. മുകുന്ദൻ
(D) ഇ.എം.എസ്. നമ്പൂതിരിപ്പാട്

2. കേരള സർക്കാർ കുടുംബശ്രീ ദിനമായി ആചരിക്കാൻ തീരുമാനിച്ചത് :

(A) മെയ് 17
(B) മെയ് 21
(C) മെയ് 12
(D) മെയ് 26

3. പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച സംക്ഷേപ വേദാർത്ഥം എന്ന കൃതി പ്രസിദ്ധീകരിച്ച വർഷം :

(A) 1792
(B) 1768
(C) 1888
(D) 1772

4. 1817-ൽ തിരുവിതാംകൂറിൽ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ സമ്പ്രദായം കേണൽ മൺറോയുടെ സഹായത്താൽ നടപ്പിലാക്കിയത് :

(A) സ്വാതി തിരുനാൾ
(B) ഗൗരി പാർവതി ഭായി
(C) സേതുലക്ഷ്മിഭായി
(D) ശ്രീമൂലം തിരുനാൾ

5. ത്രിതല പഞ്ചായത്ത് സംവിധാനം ആദ്യമായി ശുപാർശ ചെയ്ത കമ്മിറ്റി :

(A) അശോക് മേത്ത കമ്മിറ്റി
(B) ജി.വി.കെ. റാവു കമ്മിറ്റി
(C) എൽ. എം. സിംങ്‌വി കമ്മിറ്റി
(D) ബൽവന്ത്റായ് മേത്ത കമ്മിറ്റി

6. ഇന്ത്യൻ സൈന്യം ഏത് രാജ്യത്ത് അകപ്പെട്ടവരെ രക്ഷിക്കാൻ നടത്തിയ ദൗത്യമാണ് ഓപ്പറേഷൻ കാവേരി?

(A) ഘാന
(B) സോമാലിയ
(C) സുഡാൻ
(D) ഈജിപ്ത്

7. മൗലിക കടമകൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായത് ഏത് കമ്മറ്റിയുടെ ശുപാർശ പ്രകാരമാണ്?

(A) സ്വരൺ സിംങ് കമ്മിറ്റി
(B) കെ. സന്താനം കമ്മിറ്റി
(C) വി. ഈശ്വരൻ കമ്മിറ്റി
(D) വി. രാമനാഥൻ കമ്മിറ്റി

8. കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറെ തിരഞ്ഞെടുക്കുവാനുള്ള കമ്മിറ്റിയിൽ അംഗമല്ലാത്തത് :

(A) ഇന്ത്യൻ പ്രധാനമന്ത്രി

(B) ലോകസഭാ പ്രതിപക്ഷ നേതാവ്

(C) പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന കേന്ദ്ര കാബിനറ്റ് മന്ത്രി

(D) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

9. സിൻഗാലില ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന സംസ്ഥാനം?

(A) ഹിമാചൽ പ്രദേശ് (B) പശ്ചിമബംഗാൾ

(C) ത്രിപുര (D) മേഘാലയ

10. ഏത് ഭാഷയിൽ സാഹിത്യത്തിനു നൽകിയ സംഭാവനയ്ക്കാണ് ദാമോദർ മൗസോവിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്?

(A) ബംഗാളി (B) കൊങ്കണി

(C) ആസാമി (D) കന്നഡ

11. കമ്പ്യൂട്ടറിന്റെ ഔട്ട്പുട്ട് യൂണിറ്റിൽ പെടാത്തത് :

(A) മൗസ് (B) പ്രിന്റർ

(C) സ്പീക്കർ (D) മോണിറ്റർ

12. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ :

(A) റിച്ചാർഡ് സ്റ്റാൾമാൻ (B) ചാൾസ് ബാബേജ്

(C) അലൻ ട്യൂറിംങ് (D) സ്റ്റീഫൻ റസ്സൽ

13. റേഡിയോ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :

(A) മാഡം ക്യൂറി (B) മാർക്കോണി

(C) ഗ്രഹാംബെൽ (D) എഡിസൺ

14. തലച്ചോറിന്റെ പ്രവർത്തനം വീക്ഷിക്കാനുള്ള ഉപകരണം :

(A) എച്ച്.സി.ജി (B) ഇ.സി.ജി.

(C) എൻ.എസ്.ജി. (D) ഇ.ഇ.ജി.

15. ഒരു മെഗാ ബൈറ്റിന് തുല്യമായത് :

(A) 1024 ജിഗാബൈറ്റ് (B) 1024 ബൈറ്റ്

(C) 1024 കിലോബൈറ്റ് (D) 1024 ടെറാബൈറ്റ്

16. 'മുദ്രിത' എന്ന നോവൽ എഴുതിയത് :

(A) ആർ. രാജശ്രീ
(B) കെ. ആർ. മീര
(C) ഷീലാ ടോമി
(D) ജിസ ജോസ്

17. 'പുള്ളിയൻ' എന്ന നോവൽ എഴുതിയത് :

(A) സോമൻ കടലൂർ
(B) അംബികാസുതൻ മാങ്ങാട്
(C) തകഴി
(D) തിക്കോടിയൻ

18. രാഷ്ട്രപതിക്ക് രാജസഭയിലേക്ക് നാമനിർദ്ദേശം ചെയ്യാൻ കഴിയുന്ന അംഗങ്ങളുടെ എണ്ണം :

(A) 10
(B) 12
(C) 238
(D) 2

19. കുനൊ ദേശീയോദ്യാനം സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) കർണാടക
(B) ഉത്തർപ്രദേശ്
(C) മധ്യപ്രദേശ്
(D) രാജസ്ഥാൻ

20. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി :

(A) 104-ാം ഭരണഘടനാ ഭേദഗതി
(B) 101-ാം ഭേദഗതി
(C) 100-ാം ഭേദഗതി
(D) 99-ാം ഭേദഗതി

21. ആന്റോണിയോ ഗുട്ടെറസ് യു.എൻ. സെക്രട്ടറി ജനറൽ ആയ വർഷം :

(A) 2018
(B) 2019
(C) 2017
(D) 2020

22. സംസ്ഥാന പുനസംഘടനാ കമ്മീഷനിൽ അംഗമല്ലാത്തത് :

(A) കെ. എൻ. പണിക്കർ
(B) കെ. എം. പണിക്കർ
(C) എച്ച്. എൻ. കുൻസ്റു
(D) ഫസൽ അലി

23. 2022-ലെ യു.എസ്. ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം നേടിയത് :

(A) റാഫേൽ നദാൽ
(B) അലക്സാണ്ടർ സ്വെരേവിനെ
(C) കാർലോസ് അൽക്കാരസ്
(D) ഡൊമിനിക് തിം

24. ഏത് സ്റ്റേഡിയത്തിനാണ് അരുൺ ജെയ്റ്റ്ലി സ്റ്റേഡിയം എന്ന പേര് നൽകിയത്?

(A) വാങ്കടെ സ്റ്റേഡിയം
(B) ഹിറോസ്ഷാ കോട്‌ല സ്റ്റേഡിയം
(C) ഏദൻഗാർഡൻ
(D) ജവഹർലാൽ നെഹ്റു സ്റ്റേഡിയം

25. പഞ്ഞിക്കെട്ടുകൾ പോലെ കാണപ്പെടുന്ന മേഘങ്ങൾ അറിയപ്പെടുന്നത് :

(A) സ്ട്രാറ്റസ്
(B) നിംബസ്
(C) ക്യുമുലസ്
(D) സിറസ്

26. 2023-ലെ റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യാ ഗവർമെന്റ് പത്മശ്രീ നൽകി ആദരിച്ച വയനാട്ടിലെ പരമ്പരാഗത നെൽവിത്ത് സംരക്ഷകൻ :

(A) ചെറുവയൽ രാമൻ
(B) പി. കെ. കാളൻ
(C) തച്ചനത്തൻ മൂപ്പൻ
(D) കല്ലേൽ പൊക്കുടൻ

27. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി :

(A) മെഡിക്ലെയിം
(B) സ്റ്റാർ ഹെൽത്ത്
(C) മെഡിസെപ്പ്
(D) കാരുണ്യ

28. പിച്ചാവരം കണ്ടൽവനം സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) മഹാരാഷ്ട്ര
(B) തമിഴ്നാട്
(C) പശ്ചിമബംഗാൾ
(D) കർണാടക

29. കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മുൻസിപ്പാലിറ്റി ഉള്ള ജില്ല :

(A) തൃശ്ശൂർ
(B) എറണാകുളം
(C) കോഴിക്കോട്
(D) മലപ്പുറം

30. ഇന്ത്യയുടെ ആദ്യത്തെ കാലാവസ്ഥാ ഉപഗ്രഹത്തിന്റെ പേര് :

(A) വെതർസാറ്റ്
(B) ജിസാറ്റ്
(C) കല്പന ഒന്ന്
(D) കാർട്ടോസാറ്റ്

31. ചന്ദ്രപര്യവേഷണ ദൗത്യമായ ചന്ദ്രയാൻ ഒന്ന് വിക്ഷേപണം നടന്നത് :

(A) 2009 ഒക്ടോബർ 2
(B) 2010 ജനുവരി 1
(C) 2008 ഒക്ടോബർ 22
(D) 2008 ജനുവരി 1

32. സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രം സ്ഥിതിചെയ്യുന്നത് :

(A) കർണാടക
(B) മഹാരാഷ്ട്ര
(C) ഒറീസ
(D) ആന്ധ്രാപ്രദേശ്

33. താഴെ തന്നിരിക്കുന്ന ഭരണഘടനാ അനുച്ഛേദങ്ങളിൽ തെറ്റായവ ഏത്?

(A) 243 ZA - മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ്

(B) 243 A - ഗ്രാമസഭ

(C) 243 E - പഞ്ചായത്ത് തിരഞ്ഞെടുപ്പ്

(D) 243 J - പഞ്ചായത്ത് കണക്കുകളുടെ ഓഡിറ്റ്

34. 42-ാം ഭരണഘടനാ ഭേദഗതി പ്രകാരം ഭരണഘടനാ ആമുഖത്തിൽ ഉൾപ്പെടാത്തത് :

(A) റിപ്പബ്ലിക്ക് (B) സോഷ്യലിസ്റ്റ്

(C) സെക്കുലർ (D) ഇന്റഗ്രിറ്റി

35. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് 2016 ഓഗസ്റ്റ് 15-ന് നിലവിൽ വന്ന കേരള സർക്കാർ പദ്ധതി :

(A) കുടുംബശ്രീ (B) പിങ്ക് പോലീസ്

(C) സ്ത്രീരക്ഷാ (D) സൈബർ പോലീസ്

36. ജല ബജറ്റ് അവതരിപ്പിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം :

(A) പശ്ചിമബംഗാൾ (B) തമിഴ്നാട്

(C) കർണാടക (D) കേരളം

37. കമ്പ്യൂട്ടറിന്റെ ഏറ്റവും ചെറിയ മെമ്മറി യൂണിറ്റ് :

(A) നിബിൾ (B) ബൈറ്റ്

(C) ബിറ്റ് (D) ടെറാബൈറ്റ്

38. 1921-ൽ ഒറ്റപ്പാലത്ത് നടന്ന അഖിലകേരള പ്രവിശ്യാ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് :

(A) കെ. കേളപ്പൻ (B) ടി. പ്രകാശം

(C) മന്നത്ത് പത്മനാഭൻ (D) അക്കാമ്മ ചെറിയാൻ

39. വക്കം അബ്ദുൽ ഖാദർ മൗലവി തുടക്കം കുറിച്ച അറബി മലയാളം മാസിക :

(A) അൽ ഹിലാൽ (B) അൽ അമീൻ

(C) രിസാല (D) അൽ ഇസ്ലാം

40. ഏത് സംഭവത്തിന്റെ നൂറാം വാർഷികമാണ് 2024-ൽ വരുന്നത്?

(A) വൈക്കം സത്യാഗ്രഹം (B) ഗുരുവായൂർ സത്യാഗ്രഹം

(C) പാലിയം സത്യാഗ്രഹം (D) ഉപ്പ് സത്യാഗ്രഹം

41. ഉപ്പ് സത്യാഗ്രഹ സ്മാരക സ്തൂപം സ്ഥിതിചെയ്യുന്ന സ്ഥലം :

(A) ചാനിയം കടവ് (B) മുഴപ്പിലങ്ങാട്

(C) പയ്യാമ്പലം (D) ഉളിയം കടവ്

42. 'നിശബ്ദ വസന്തം' എന്ന ഗ്രന്ഥം രചിച്ചത് :

(A) സുന്ദർലാൽ ബഹുഗുണ
(B) റേച്ചൽ കഴ്സൺ
(C) മേധാപട്കർ
(D) സുഗതകുമാരി

43. സർവേ ഭവന്തു സുഖിന: എന്ന മുദ്രാവാക്യം ബന്ധപ്പെട്ടിരിക്കുന്നത് :

(A) കേന്ദ്ര വനിതാ കമ്മീഷൻ
(B) കേന്ദ്ര വിജിലൻസ് കമ്മീഷൻ
(C) കേന്ദ്ര ശിശു ക്ഷേമ കമ്മീഷൻ
(D) ദേശീയ മനുഷ്യാവകാശ കമ്മീഷൻ

44. 2023 മെയ് മാസം നടന്ന ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ജേതാക്കൾ?

(A) മുംബൈ ഇന്ത്യൻസ്
(B) ചെന്നൈ സൂപ്പർ കിംങ്ങ്സ്
(C) ഗുജറാത്ത് ടൈറ്റൻസ്
(D) കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്

45. ജോഗ് വെള്ളച്ചാട്ടം ഏത് നദിയുമായി ബന്ധപ്പെടുന്നു?

(A) ശരാവതി
(B) സറ്റ്ലജ്
(C) കൃഷ്ണാനദി
(D) മഹാനദി

46. ഏത് സിനിമയിലെ അഭിനയത്തിനാണ് രേവതിക്ക് ഏറ്റവും നല്ല നടിക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചത്?

(A) അന്തരം
(B) ആർക്കറിയാം
(C) ആവാസവ്യൂഹം
(D) ഭൂതകാലം

47. കുറഞ്ഞ പ്രീമിയം നിരക്കിൽ കർഷകർക്ക് വിള ഇൻഷുറൻസ് പരിരക്ഷ നൽകാൻ കേന്ദ്രസർക്കാർ 2016 ഫെബ്രുവരി 18-ന് ആരംഭിച്ച പദ്ധതി :

(A) പ്രധാനമന്ത്രി ഫസൽ ബീമാ യോജന
(B) പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജന
(C) പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി
(D) ജയ് കിസാൻ റിൻ മുക്തി യോജന

48. 'കാടകലം' എന്ന കുട്ടികളുടെ സിനിമ സംവിധാനം ചെയ്തത് :

(A) ബി. കെ. ഹരിനാരായണൻ
(B) സഖിൽ രവീന്ദ്രൻ
(C) കൃഷാന്ദ് ആർ. കെ.
(D) താര രാമാനുജൻ

49. ലോക ആരോഗ്യ ദിനം :

(A) ഏപ്രിൽ 7
(B) ഏപ്രിൽ 14
(C) ഏപ്രിൽ 18
(D) ഏപ്രിൽ 22

50. 1891-ലെ മലയാളി മെമ്മോറിയലിൽ ആകെ എത്രപേർ ഒപ്പിട്ടിരുന്നു?

(A) 10028 (B) 1028

(C) 988 (D) 1001

51. അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ആസ്ഥാനം :

(A) സ്വിറ്റ്സർലാന്റ് (B) നെതർലാന്റ്

(C) ജർമ്മനി (D) ഡെൻമാർക്ക്

52. കേരള സംസ്ഥാന ദുരിതനിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ :

(A) മുഖ്യമന്ത്രി (B) ആഭ്യന്തരവകുപ്പ് മന്ത്രി

(C) റവന്യൂ വകുപ്പ് മന്ത്രി (D) ചീഫ് സെക്രട്ടറി

53. സി. ശങ്കരൻനായർ അധ്യക്ഷനായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനം നടന്ന സ്ഥലം :

(A) അഡയാർ (B) ബൽഗാം

(C) ബോംബെ (D) കൽക്കത്ത

54. കേരളത്തിന്റെ സംസ്ഥാന ശലഭം :

(A) രത്ന നീലി (B) വിറവാലൻ

(C) ഗരുഡ ശലഭം (D) ബുദ്ധമയൂരി

55. തന്നിരിക്കുന്നതിൽ ഏറ്റവും ഉയരം കൂടിയ കൊടുമുടി :

(A) മൗണ്ട് കെ.2 (B) എവറസ്റ്റ്

(C) കാഞ്ചൻ ജംഗ (D) നന്ദാദേവി

56. രണ്ട് തവണ കേരള സംസ്ഥാന വനിതാ കമ്മീഷന്റെ അധ്യക്ഷ ആയിരുന്നത് :

(A) സുഗതകുമാരി (B) പി. കെ. ശ്രീമതി

(C) എം. കമലം (D) ഡി. ശ്രീദേവി

57. യു. എൻ. ഇ. പി. യുടെ ആസ്ഥാനം :

(A) നെയ്റോബി (B) ന്യൂയോർക്ക്

(C) ആംസ്റ്റർഡാം (D) വാഷിംങ്ടൺ

58. കീഴരിയൂർ ബോംബ് കേസ് ബന്ധപ്പെട്ടിരിക്കുന്ന സംഭവം :

(A) നിസ്സഹകരണ സമരം
(B) ക്വിറ്റ് ഇന്ത്യാസമരം
(C) മലബാർ കലാപം
(D) സിവിൽ ലംഘന സമരം

59. ഖേൽ രത്ന ലഭിക്കുന്ന ആദ്യ വനിതാ ക്രിക്കറ്റ് താരം :

(A) മിതാലിരാജ്
(B) സ്മൃതി മന്ഥാന
(C) ഹർമൻ പ്രീത് കൌർ
(D) അനൂജ പട്ടീൽ

60. ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?

(A) മൗലാന അബ്ദുൾ കലാം ആസാദ്
(B) എ.പി.ജെ. അബ്ദുൾ കലാം
(C) എസ്. രാധാകൃഷ്ണൻ
(D) ബി. ആർ. അംബേദ്കർ

61. ഒരു സംഖ്യയുടെ 35 ശതമാനവും 30 ശതമാനവും തമ്മിൽ 8-ന്റെ വ്യത്യാസമുണ്ട്. സംഖ്യ ഏത്?

(A) 140
(B) 160
(C) 180
(D) 200

62. ഒമ്പത് എണ്ണൽ സംഖ്യകൾ എഴുതിയിരിക്കുന്നു. അവയുടെ തുക 150. ആദ്യത്തെ 4 സംഖ്യകളുടെ ശരാശരി 14-ഉം അവസാനത്തെ 4 സംഖ്യകളുടെ ശരാശരി 18-ഉം ആണ്. അഞ്ചാമത്തെ സംഖ്യ ഏതാണ്?

(A) 56
(B) 72
(C) 22
(D) 50

63. $6\frac{1}{2}+5\frac{1}{4}-4\frac{1}{8}$ എത്ര?

(A) $7\frac{5}{8}$
(B) $8\frac{5}{7}$
(C) $5\frac{7}{8}$
(D) $6\frac{7}{8}$

64. 4,000 രൂപയ്ക്ക് 10% നിരക്കിൽ 3 വർഷത്തേക്കുള്ള കൂട്ടുപലിശ എത്രയായിരിക്കും?

(A) 1,324 രൂപ
(B) 1,234 രൂപ
(C) 1,432 രൂപ
(D) 1,423 രൂപ

65. ഒരു മണിക്കൂറിന്റെ $\frac{1}{180}$ ഭാഗം എത്ര സെക്കന്റാണ്?

(A) 5 സെക്കന്റ്
(B) 10 സെക്കന്റ്
(C) 15 സെക്കന്റ്
(D) 20 സെക്കന്റ്

66. 300-നും 600-നും ഇടയിൽ 9 കൊണ്ട് നിശ്ശേഷം ഹരിക്കാൻ കഴിയുന്ന എത്ര പൂർണ്ണ സംഖ്യകളുണ്ട്?

(A) 30 (B) 31
(C) 32 (D) 33

67. ജിത്തു നേരെ പടിഞ്ഞാറോട്ട് 6 കിലോമീറ്റർ സഞ്ചരിക്കുന്നു. അവിടെ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് 2 കിലോമീറ്റർ സഞ്ചരിക്കുന്നു. വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 6 കിലോമീറ്റർ കൂടി പോവുന്നു. അവിടെനിന്നും വലത്തോട്ട് തിരിഞ്ഞ് 8 കിലോമീറ്റർ യാത്ര ചെയ്താൽ അയാൾ പുറപ്പെട്ട സ്ഥലത്തുനിന്നും എത്ര അകലെ എത്തിയിരിക്കും?

(A) 8 കിലോമീറ്റർ (B) 10 കിലോമീറ്റർ
(C) 14 കിലോമീറ്റർ (D) 16 കിലോമീറ്റർ

68. മെയ് മാസം 1-ാം തീയതി ചൊവ്വാഴ്ച ആണെങ്കിൽ ആ മാസത്തിൽ എത്ര വ്യാഴാഴ്ചകൾ ഉണ്ടായിരിക്കും?

(A) 3 (B) 4
(C) 5 (D) 6

69. 5, 11, 24, 51, ____, 217
ഈ ശ്രേണിയിലെ വിട്ടുപോയ സംഖ്യ ഏത്?

(A) 73 (B) 102
(C) 106 (D) 152

70. താഴെ കൊടുത്ത സംഖ്യകളിൽ കൂട്ടത്തിൽ പെടാത്തത് ഏത്?
17, 29, 39, 47

(A) 47 (B) 39
(C) 29 (D) 17

71. അനന്തന്റെ മുകളിൽ ഇരിക്കുന്ന രീതിയിലുള്ള മഹാവിഷ്ണുവിന്റെ പ്രതിഷ്ഠ ഉള്ള പ്രസിദ്ധ ക്ഷേത്രം :

(A) ശ്രീപത്മനാഭ സ്വാമി ക്ഷേത്രം (B) ശ്രീ പൂർണ്ണത്രയീശ ക്ഷേത്രം
(C) അനന്തപുര തടാക ക്ഷേത്രം (D) ഗുരുവായൂർ ക്ഷേത്രം

72. പ്രസിദ്ധമായ മച്ചാട്ട് മാമാങ്കം ഏത് ജില്ലയിലാണ്?

(A) തൃശ്ശൂർ (B) പാലക്കാട്
(C) കോഴിക്കോട് (D) മലപ്പുറം

73. വേട്ടേയ്ക്കാരൻ എന്ന സങ്കല്പത്തിൽ ആരാധിക്കപ്പെടുന്ന മൂർത്തി :

(A) അയ്യപ്പൻ
(B) പരമേശ്വരൻ
(C) സുബ്രഹ്മണ്യൻ
(D) ശ്രീരാമൻ

74. ക്ഷേത്രങ്ങളിൽ ആലിന് ചുറ്റും എത്ര പ്രദക്ഷിണം ചെയ്യണമെന്നാണ് ആചാരം?

(A) മൂന്ന്
(B) നാല്
(C) അഞ്ച്
(D) ഏഴ്

75. പ്രദോഷ വ്രതം ഏത് തിഥിയിൽ ആണ് ആചരിക്കുന്നത്?

(A) പ്രതിപദം
(B) സപ്തമി
(C) ചതുർദശി
(D) ത്രയോദശി

76. ഉത്സവബലി, വലിയ കലശങ്ങൾ എന്നിവയ്ക്ക് മാത്രം ഉപയോഗിക്കുന്ന വിശേഷപ്പെട്ട ദേവവാദ്യം :

(A) മരപ്പാണി
(B) ശംഖ്
(C) വീക്കൻ ചെണ്ട
(D) കുഴൽ-കൊമ്പ്

77. ചാതുർവ്വർണ്യത്തിനെതിരെ പ്രതികരിക്കുന്ന തെയ്യമേത്?

(A) പൊട്ടൻ തെയ്യം
(B) മുക്രി തെയ്യം
(C) വിഷ്ണു മൂർത്തി
(D) ഗുളികൻ

78. മീനമാസത്തിലെ പൂരത്തിനോട് അനുബന്ധിച്ച് ഉത്തരകേരളത്തിൽ നടക്കുന്ന സംവാദാത്മകമായ മത്സരക്കളി :

(A) പൂരക്കളി
(B) പെരുങ്കളിയാട്ടം
(C) മറുത്തുകളി
(D) കളിയാട്ടം

79. അഹം ബ്രഹ്മാസ്മി എന്ന മഹാവാക്യം ഏത് ഉപനിഷത്തിൽ ഉൾപ്പെടുന്നു?

(A) ഈശാവാസ്യം
(B) ഛാന്ദോഗ്യം
(C) തൈത്തിരീയം
(D) ബൃഹദാരണ്യകം

80. ഹോതൃവേദം എന്നറിയപ്പെടുന്ന വേദം :

(A) ഋഗ്വേദം
(B) യജൂർവേദം
(C) സാമവേദം
(D) അഥർവ്വവേദം

81. ഗൌഡപാദന്റെ കാരികയോട് കൂടി പ്രസിദ്ധമായ ഉപനിഷത്ത് :

(A) മുണ്ഡകം
(B) മാണ്ഡൂക്യം
(C) കഠം
(D) മഹാനാരായണം

82. ഭഗവത്ഗീതയുടെ ഏത് അദ്ധ്യായം ആണ് വിശ്വരൂപദർശനയോഗം എന്നറിയപ്പെടുന്നത്?

(A) ആറാം അദ്ധ്യായം
(B) പത്താം അദ്ധ്യായം
(C) പതിനൊന്നാം അദ്ധ്യായം
(D) പതിനഞ്ചാം അദ്ധ്യായം

83. പാണ്ഡവരുടെ മാതുലനായ ശല്യർ ആരുടെ സാരഥി ആയാണ് മഹാഭാരതയുദ്ധത്തിൽ പങ്കെടുത്തത്?

(A) നകുലന്റെ
(B) ശകുനിയുടെ
(C) കർണ്ണന്റെ
(D) യുധിഷ്ഠിരന്റെ

84. ആദി ശങ്കരാചാര്യരുടെ ശിഷ്യനായിത്തീർന്ന പൂർവ്വമീമാംസകൻ ആരാണ്?

(A) കുമാരില ഭട്ടൻ
(B) മഹിമഭട്ടൻ
(C) വാചസ്പതി മിശ്രൻ
(D) മണ്ഡനമിശ്രൻ

85. തമിഴ്നാട്ടിലെ വൈഷ്ണവസന്ന്യാസിമാർ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

(A) ആണ്ടവർ
(B) നായനാർമാർ
(C) ആൾവാർമാർ
(D) അവധൂതർ

86. രാമചരിതമാനസം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

(A) തുളസീദാസ്
(B) സൂർദാസ്
(C) കബീർദാസ്
(D) തുക്കാറാം

87. കേരളത്തിൽ ഏറ്റവും കൂടുതൽ ക്ഷേത്രങ്ങൾ ഏത് ദേവസ്വത്തിന്റെ കീഴിലാണ്?

(A) തിരുവിതാംകൂർ
(B) ഗുരുവായൂർ
(C) കൊച്ചി
(D) മലബാർ

88. ഗുരുവായൂർ ദേവസ്വം ബോർഡ് രൂപീകൃതമായത് ഏത് വർഷം?

(A) 1950
(B) 1949
(C) 1956
(D) 1947

89. ശബരിമല ദേവസ്വം ഗ്രൂപ്പിന്റെ ആസ്ഥാനം എവിടെ?

(A) ശബരിമല
(B) ചെങ്ങന്നൂർ
(C) പത്തനംതിട്ട
(D) പമ്പ

90. ക്ഷേത്രത്തിനുള്ളിൽ ഉപദേവതാപ്രതിഷ്ഠകളില്ലാത്ത തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ മഹാക്ഷേത്രം :

(A) തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം
(B) കൂടൽമാണിക്യം സംഗമേശ ക്ഷേത്രം
(C) തിരുമൂഴിക്കുളം ലക്ഷ്മണ ക്ഷേത്രം
(D) പായമ്മൽ ശത്രുഘ്ന ക്ഷേത്രം

91. സംജ്ഞാനാമത്തിന് ഉദാഹരണം :

(A) ഞാൻ
(B) കാറ്റ്
(C) മനുഷ്യൻ
(D) സീത

92. അടിയിൽ വരച്ച പദത്തിന്റെ വിപരീതപദം കണ്ടെത്തുക :
ഉത്കൃഷ്ടമായ ആശയം അംഗീകരിക്കപ്പെടണം

(A) അപകൃഷ്ടം
(B) അകൃഷ്ടം
(C) സുത്കൃഷ്ടം
(D) പ്രകൃഷ്ടം

93. ശരിയായ വാക്ക് കണ്ടെത്തുക :

(A) അഥിതി
(B) അധിതി
(C) അതിഥി
(D) അദിതി

94. ശരിയായി വിഗ്രഹിക്കുക – മരക്കൊമ്പ് :

(A) മരത്തിന്റെ കൊമ്പ്
(B) മരവും കൊമ്പും
(C) മരമാകുന്ന കൊമ്പ്
(D) മരമുള്ള കൊമ്പ്

95. സന്ധി നിർണയിക്കുക – പടിക്കെട്ട് :

(A) ആഗമസന്ധി
(B) ദ്വിത്വസന്ധി
(C) ലോപസന്ധി
(D) ആദേശസന്ധി

96. ഒറ്റപ്പദമെഴുതുക – വിഭജിക്കാൻ കഴിയാത്തത് :

(A) അഭിന്നം
(B) അവിഭാജ്യം
(C) അഭംഗുരം
(D) ഭാജ്യം

97. ശത്രു എന്ന പദത്തിന്റെ സമാനപദം കണ്ടെത്തുക :

(A) മിത്രം
(B) രവം
(C) രിപു
(D) രണം

98. 'അളി – ആളി' ശരിയായ അർത്ഥവ്യത്യാസം ഏതാണ്?

(A) വണ്ട് – തേൻ
(B) വണ്ട് – പൂവ്
(C) വണ്ട് – തേനീച്ച
(D) വണ്ട് – തോഴി

99. താഴെപ്പറയുന്നവയിൽ ഭേദകത്തിന് ഉദാഹരണം :

(A) കറുമ്പൻ
(B) സീത
(C) എണ്ണ
(D) ഞാൻ

100. ഹായ് എന്തു മനോഹരം - ഇവിടെ ഹായ് എന്ന പദത്തിനുശേഷം ചേർക്കേണ്ട ചിഹ്നം :

(A) പൂർണ്ണവിരാമം
(B) വിക്ഷേപിണി
(C) അനുയോഗചിഹ്നം
(D) രേഖ

---